**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2763** **22-01-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയിലെ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി .ഡി. സതീശൻ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . കെ. സി . ജോസഫ് ,<br>ശ്രീ . ഷാഫി പറമ്പിൽ** | | **Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ വിജയിക്കാതെ പോയത് എന്തുകൊണ്ടാണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പാലുല്പാദനത്തിൽ ദേശീയ ശരാശരിയെക്കാൾ വർദ്ധനവാണ് കഴിഞ്ഞ വർഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 2016-17 വർഷത്തിൽ ക്ഷീരസഹകരണ സംഘങ്ങളിലൂടെയുള്ള പ്രതിദിന പാൽ സംഭരണം 16.27 ലക്ഷം ലിറ്റർ ആണ്. എന്നാൽ 2020 ഡിസംബർ മാസത്തെ കണക്കുകൾ എടുത്താൽ 21.37 ലക്ഷം ലിറ്റർ പാൽ പ്രതിദിനം സംഭരിക്കുന്നുണ്ട്. ഈ കാലയളവിൽ 31.34% വർദ്ധനവാണ് പാൽ സംഭരണത്തിൽ ഉണ്ടായിട്ടുള്ളത്. 2020-21 വർഷം പാലുല്പാദനത്തിൽ സുസ്ഥിരവും സമഗ്രവുമായ വർദ്ധനവാണ് കാണിക്കുന്നത്. ക്ഷീരസഹകരണ മേഖലയിൽ 2020 ഡിസംബർ മാസത്തിൽ പ്രതിദിന പാലുല്പാദനം 21.37 ലക്ഷം ലിറ്റർ എന്നത് ഒരു സർവ്വകാല റെക്കോഡാണ്. 2015 ഡിസംബർ മാസത്തിൽ പ്രതിദിന പാലുല്പാദനം 16.30 ലക്ഷം ലിറ്റർ ആയിരുന്നത് 2020 ഡിസംബറിൽ 21.37 ലക്ഷം ലിറ്റർ ആയി. ഇക്കാലയളവിൽ പാൽ സംഭരണ വളർച്ചാനിരക്ക് 31.16% ആണ്. ക്ഷീരകർഷകർ തങ്ങളുടെ സ്വന്തം ആവശ്യത്തിനും പ്രാദേശിക വില്പനയ്ക്കും എടുത്തതിനുശേഷം ബാക്കിവരുന്ന പാലാണ് ക്ഷീരസംഘങ്ങളിൽ അളക്കുന്നത്. ഇത്തരത്തിൽ ക്ഷീരസംഘത്തിൽ സംഭരിക്കുന്ന പാൽ പ്രാദേശിക വില്പന കഴിഞ്ഞതിനുശേഷം ബാക്കിവരുന്നത് മേഖലാ യൂണിയനുകൾക്ക് ക്ഷീരസംഘങ്ങൾ അയയ്ക്കുന്നു. നിലവിൽ ക്ഷീരസഹകരണ മേഖലയിൽ കഴിഞ്ഞ 6 മാസത്തെ കണക്കുകൾ പരിശോധിച്ചാൽ സ്ഥിരതയാർന്ന സ്വയംപര്യാപ്തതയും, ഉപഭോഗത്തെക്കാൾ കൂടുതൽ ഉല്പാദനവുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ |

| | | | |
|---|---|---|---|
| | | | പൊതുവായി പാൽ ഉല്പാദനവും ഉപഭോഗവും കണക്കാക്കുന്നത് സ്റ്റാറ്റിസ്റ്റിക്കൽ രീതിയിലാണ്. അതുകൊണ്ട് മാത്രം പാലിന് സ്വയംപര്യാപ്തത കൈവരിച്ച എന്നത് സംബന്ധിച്ച് കൃത്യമായി അനുമാനിക്കാനാകില്ല. മലബാർ മേഖലയിൽ അധിക ഉല്പാദനവും എറണാകുളം മേഖലയിൽ വിപണനത്തിന് അനുസരിച്ചുള്ള ഉല്പാദനവും തിരുവനന്തപുരം മേഖലയിൽ വിപണനത്തിനാവശ്യമായ ഉല്പാദനമില്ലായ്മയുമാണ് നിലവിലെ മൂന്ന് മേഖലാ യൂണിയനുകളുടെയും സ്ഥിതി. 2018-ലെയും 2019-ലെയും പ്രളയവും , കോവിഡ്-19 –ഉം പാലുല്പാദനത്തിന്റെ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് തടസ്സമായെങ്കിലും സംസ്ഥാനത്ത് ക്ഷീര സഹകരണ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ഏകദേശം 2 ലക്ഷം ലിറ്റർ പാൽ അധികമായി സംഭരിക്കുന്നുണ്ട്. ഇങ്ങനെ അധികമായി സംഭരിക്കുന്ന പാൽ തിരുവനന്തപുരം, എറണാകുളം മേഖലായൂണിയനുകൾക്ക് നൽകുകയും ബാക്കിവരുന്ന ഏകദേശം 95000 മുതൽ 1 ലക്ഷം ലിറ്റർ പാൽ വരെ തമിഴ്നാട്ടിലേയ്ക്ക് അയച്ച് പാൽപ്പൊടിയായി സൂക്ഷിക്കുകയും ചെയ്യുന്നു. നിലവിൽ സംസ്ഥാനത്തെ ക്ഷീരസഹകരണ മേഖലയിൽ വിപണനത്തിനാവശ്യമായ പാലിനെക്കാൾ കൂടുതൽ ഉല്പാദിപ്പിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് ക്ഷീരസഹകരണ മേഖലയിൽ, പാലുല്പാദനത്തിൽ മിച്ച സംസ്ഥാനമായി മാറി എന്നു പറയാം. |
| (ബി) | സംസ്ഥാനത്തെ ക്ഷീരകർഷകരുടെ ഉന്നമനത്തിനായി നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ക്ഷീരകർഷകരുടെ സാമൂഹിക ഉന്നമനത്തിനായി ക്ഷീരകർഷക പെൻഷൻ, കുടുംബ പെൻഷൻ, കുട്ടികളുടെ വിദ്യാഭ്യാസ ധനസഹായം, കർഷകരുടെ ചികിത്സാ ധനസഹായം കൂടാതെ, ക്ഷീരസാന്ത്വനം (സമഗ്ര ഇൻഷ്വറൻസ്) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ക്ഷീരകർഷകരുടെ സാമ്പത്തിക ഉന്നമനത്തിനായി മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി, ക്ഷീരഗ്രാമം പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, പാലിന് ഇൻസെന്റീവും കാലിത്തീറ്റ സബ്സിഡി എന്നിവയും നടപ്പാക്കുന്നു. |
| (സി) | ക്ഷീരമേഖലയിലേക്ക് ചെറുപ്പക്കാരെ ആകർഷിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന പുതിയ സംരംഭകർക്കും നിലവിലുള്ള ക്ഷീരകർഷകർക്കും പ്രയോജനകരമായ വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് എം.എസ്.ഡി.പി, ക്ഷീരഗ്രാമം എന്നീ പദ്ധതികൾ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നത്. പുതിയ സംരംഭകർക്ക് രണ്ട് പശു, അഞ്ച് പശു ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിൽ പശുക്കളെ വളർത്തുന്നവർക്ക് സാഹചര്യമനുസരിച്ച് പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഫാമുകൾ ആധുനികവൽക്കരിക്കുന്നതിനും, യന്ത്രവൽക്കരിക്കുന്നതിനും കാലിത്തൊഴുത്ത് നിർമ്മാണത്തിനും കറവയന്ത്രത്തിനും ധനസഹായം നൽകിവരുന്നു. |
| (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ ക്ഷീരകർഷക കടാശ്വാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. ചരിത്രത്തിലാദ്യമായി വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ റിക്കവറി നടപടികൾ നേരിടേണ്ടിവന്ന കർഷകർക്ക് 2016-17 വർഷം ഒരു കടാശ്വാസ പദ്ധതി നടപ്പിലാക്കുകയും കർഷകരെ കടക്കെണിയിൽ നിന്നും രക്ഷിക്കുകയും ചെയ്തിട്ടുണ്ട്. 5 കോടി രൂപയോളം നിലവിൽ ക്ഷീരകർഷക കടാശ്വാസ പദ്ധതിയ്ക്കായി നൽകിയിട്ടുണ്ട്. ക്ഷീരകർഷക കടാശ്വാസ പദ്ധതിയിലൂടെ 2285 പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ